കേരളം
കർമപഥത്തിൽ

# LBS CENTRE FOR SCIENCE AND TECHNOLOGY

(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

## സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

B4/1219/2023 28/05/2024

കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കൊമേഴ്സ് ഗ്രൂപ്പ്) കമ്പ്യൂട്ടർ (വേർഡ് പ്രോസ്സസിംഗ്) പരീക്ഷ 2024 ജൂൺ 21 മുതൽ എൽ.ബി.എസിന്റെ കേരളത്തിലെ വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നതായിരിക്കും. ഈ പരീക്ഷയിൽ പങ്കെടുക്കുന്നതിലേക്കു വേണ്ടി പരീക്ഷാകമ്മീഷണർക്ക് അപേക്ഷ നൽകിയിട്ടുള്ള പരീക്ഷാർത്ഥികൾക്ക് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിലെ *KGTE2024* എന്ന ലിങ്കിലൂടെ ഓൺലൈനായി ഫീസടച്ച് സ്വീകാര്യമായ പരീക്ഷാസമയവും, തീയതിയും തിരഞ്ഞെടുക്കാവുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമങ്ങളിൽ ഏതെങ്കിലുമൊന്ന് സെലക്ട് ചെയ്തവർക്കു മാത്രമേ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ സമയക്രമം സെലക്ട് ചെയ്തവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് ലഭിക്കുന്നതായിരിക്കും. ഈ രജിസ്ട്രേഷൻ സ്ലിപ്പും പരീക്ഷാഭവനിൽ നിന്നും ലഭിച്ച ഹാൾടിക്കറ്റും പരീക്ഷാസമയത്ത് ഹാജരാക്കേണ്ടതാണ്. മലയാളം ലോവർ, മലയാളം ഹയർ, ഇംഗ്ലീഷ് ലോവർ, ഇംഗ്ലീഷ് ഹയർ എന്നീ വിഷയങ്ങൾക്ക് ഇത്തരത്തിൽ പ്രത്യേകം പ്രത്യേകമായി സമയം തിരഞ്ഞെടുക്കേണ്ടതാണ്. ഫീസടയ്ക്കുവാനും സമയക്രമം തിരഞ്ഞെടുക്കുവാനുമുള്ള അവസരം 31/05/2024 **മുതൽ** 18/06/2024 വരെ മേൽ സൂചിപ്പിച്ച വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. **പരീക്ഷാ ഫീസായി ലോവറിന് 200/ രൂപയും ഹയറിന് 250/ രൂപയും അടക്കേണ്ടതാണ്.** വിദ്യാർത്ഥികൾ തിരഞ്ഞെടുത്ത പരീക്ഷാ തീയതിയും സമയവും യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല.

ഒപ്പ്
ഡോ. എം. അബ്ദുൾ റഹ്മാൻ
ഡയറക്ടർ
ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് ഡയറക്ടർ (EC/IT)